# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **751** 28.02.2018 -ലെ മറുപടി

## പോള, പായൽ ഇവ നീക്കം ചെയ്യാൻ വാട്ടർഹയാസിംഗ്ഹാർവെസ്റ്റർ യന്ത്രം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ജലാശയങ്ങളിൽ പോള, പായൽ എന്നിവ ഉണ്ടാക്കുന്ന നാശനഷ്ടങ്ങളും, പാരിസ്ഥിതിക പ്രശ്നങ്ങളും രൂക്ഷമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) ഇവ നീക്കം ചെയ്യുന്നതിനായി വാട്ടർഹയാസിംഗ്ഹാർവെസ്റ്റർ യന്ത്രം വാങ്ങിയിട്ടുണ്ടോ; പ്രസ്തുത യന്ത്രത്തിന്റെ വില എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. യന്ത്രത്തിന്റെ വില 61,95,000/- രൂപയാണ്. |
| (സി) എത്ര യന്ത്രങ്ങൾ വാങ്ങിയെന്നും, അവ നിലവിൽ പ്രവർത്തനക്ഷമമാണോ എന്നും അറിയിക്കുമോ; | (സി) | ഒരു യന്ത്രം വാങ്ങിയിട്ടുണ്ട്. അത് നിലവിൽ പ്രവർത്തനക്ഷമമാണ്. |
| (ഡി) കുട്ടനാടൻ ജലാശയങ്ങളിൽ പോള ഉണ്ടാക്കുന്ന പ്രശ്നങ്ങൾ ജലഗതാഗതത്തെയും, കൃഷിയെയും സാരമായി ബാധിക്കുന്നതിനാൽ കുട്ടനാടൻ മേഖലയ്ക്ക് വേണ്ടി ഈ യന്ത്രത്തിന്റെ സേവനം ലഭ്യമാക്കുമോ? | (ഡി) | ആവശ്യാനുസരണം ലഭ്യമാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ